**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1737** **29-07-2021 - ൽ മറുപടിയ്ക്ക്**

**ചലഞ്ച് ഫണ്ട് മുഖേനയുള്ള കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ചലഞ്ച് ഫണ്ട് സൗകര്യം നിലവിലുണ്ടോയെന്നറിയിക്കാമോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | സ.ഉ.(അ) നം.109/2017/ധന. തീയതി 18.08.2017 പ്രകാരം ചലഞ്ച് ഫണ്ട് പദ്ധതിയ്ക്കായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, മറ്റു സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി 1 കോടി രൂപ ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കാം. പ്രാദേശികമായി സമാഹരിക്കുന്ന ഫണ്ടിന് തുല്യമായ തുക, പരമാവധി 1 കോടി രൂപയായിരിക്കും ഇപ്രകാരം വിനിയോഗിക്കാൻ കഴിയുക. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, സർക്കാർ സഹായം 50:50 എന്ന അനുപാതത്തിൽ ആയിരിക്കും. 15-11-2019-ലെ സ. ഉ. (അച്ചടി) നമ്പർ 156/2019/ധന പ്രകാരം ചലഞ്ച് ഫണ്ടിനായുള്ള മാനേജ്മെന്റ് വിഹിതം ഉപയോഗിച്ച് മാനേജ്മെന്റിന് പ്രവൃത്തി ആരംഭിക്കാവുന്നതും സർക്കാർ വിഹിതം ലഭിക്കുന്നതിലേക്കായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്. പ്രവർത്തന പുരോഗതിയുടെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന ബില്ലിന്റെ 50%, 1-3-2018-ലെ സ. ഉ. (അച്ചടി) നമ്പർ 30/2018/ധന. ഖണ്ഡിക (3) പ്രകാരമുള്ള പരമാവധി തുകയിൽ അധികരിക്കാതെ, സർക്കാർ വിഹിതമായി അനുവദിക്കുന്നതാണ്. സർക്കാർ വിഹിതം അനുവദിക്കുന്നതിനുള്ള ശിപാർശകൾ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അനുമതിക്കായി അയയ്ക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| (സി) | ഉടുമ്പൻചോല മണ്ഡലത്തിലെ വലിയ തോവാള ക്രിസ്തുരാജാ ഹൈസ്കൂൾ ചലഞ്ച് ഫണ്ട് മുഖേന കെട്ടിടം പണികഴിപ്പിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | പ്രസ്തുത സ്കൂൾ കെട്ടിടം പണി പൂർത്തിയായിട്ടുണ്ടോയെന്നറിയിക്കാമോ; | (ഡി) | പ്രസ്തുത സ്കൂൾ കെട്ടിടം പണി പൂർത്തിയായിട്ടുണ്ടോയെന്ന വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | ചലഞ്ച് ഫണ്ട് പ്രസ്തുത സ്കൂളിന് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ? | (ഇ) | കെട്ടിട നിർമ്മാണം പൂർത്തിയായതിന്റെ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ വിഹിതം അനുവദിക്കുന്നതിനുള്ള നടപടി പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ട് പദ്ധതിക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

---

ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(അച്ചടി) നം. 30/2018/ധന. തിരുവനന്തപുരം,തീയതി : 01.03.2018

---

പരാമർശം : 1. 2017-18 ലെ ബഡ്ജറ്റ് പ്രസംഗം

2. സ.ഉ.(അ) നം. 109/2017/ധന. തീയതി 18.08.2017

**ഉത്തരവ്**

2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 45 പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ചലഞ്ച് ഫണ്ട് രൂപീകരിക്കുന്നതായും ആയതിലേക്കായി 50 കോടി രൂപ വകയിരുത്തുന്നതായും ബഹു.ധനമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. സ്കൂൾ മാനേജ്മെന്റ്/ സ്കൂൾ സംരക്ഷണ സമിതി സമാഹരിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുകയോ പരമാവധി 1 കോടി രൂപയോ ഇതിലേക്കായി സർക്കാർ നൽകുമെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ചലഞ്ച് ഫണ്ട് പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. എയ്ഡഡ് മേഖലയിലെ LP, UP, HS, HSS വിഭാഗങ്ങളിൽപ്പെട്ട സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അതത് മാനേജ്മെന്റുകൾ നിക്ഷേപിച്ചിട്ടുള്ള തുകയ്ക്ക് ആനുപാതികമായിട്ടാണ് സർക്കാർ ചലഞ്ച് ഫണ്ട് അനുവദിക്കുന്നത്. മാനേജ്മെന്റ് വിഹിതവും സർക്കാർ വിഹിതവും 1 : 1 എന്ന അനുപാതത്തിൽ ആയിരിക്കും. സർക്കാർ വിഹിതവും മാനേജ്മെന്റ് വിഹിതവും ഉൾപ്പെടെ പരമാവധി 1 കോടി രൂപ ഇപ്രകാരം ഒരു സ്കൂളിനായി സമാഹരിക്കാവുന്നതാണ്.
2. ആനുപാതികമായി നൽകുന്ന സർക്കാർ വിഹിതം ചലഞ്ച് ഫണ്ടിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രത്യേക ശീർഷകത്തിൽ നിന്നോ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നോ ആയിരിക്കും നൽകുക. സ്കൂളുകൾ ശുപാർശകൾ

സമർപ്പിക്കുന്നതിന്റെ മുൻഗണനാ ക്രമത്തിൽ, ബഡ്ജറ്റ് വിഹിതത്തിൽ അധികരിക്കാതെയായിരിക്കും പ്രത്യേക ശീർഷകത്തിൽ നിന്നുള്ള ഫണ്ട് അനുവദിക്കുന്നത്. നിയമസഭാ സാമാജികർക്ക് ചലഞ്ച് ഫണ്ട് പദ്ധതിയുടെ ഭാഗമായി ആനുപാതിക സർക്കാർ വിഹിതം വഹിക്കാൻ താൽപ്പര്യമുള്ള പക്ഷം താഴെപ്പറയുന്ന പരിധികൾക്കും ആസ്തി വികസന ഫണ്ടിന്റെ മാനദണ്ഡങ്ങൾക്കും വിധേയമായി പ്രസ്തുത തുക അനുവദിക്കുന്നതായിരിക്കും.

3. വിവിധ വിഭാഗത്തിൽപ്പെട്ട സ്കൂളുകൾക്ക് ചലഞ്ച് ഫണ്ടിനായുള്ള പ്രത്യേക ശീർഷകത്തിൽ നിന്നോ അല്ലെങ്കിൽ ആസ്തി വികസന ഫണ്ടിൽ നിന്നോ ഇപ്രകാരം അനുവദിക്കുന്ന പരമാവധി സർക്കാർ വിഹിതം ചുവടെ നൽകുന്നു.

   LP – 25 ലക്ഷം, UP – 25 ലക്ഷം, LP & UP – 40 ലക്ഷം,

   LP, UP & HS – 50 ലക്ഷം, HSS – 50 ലക്ഷം.

4. ചലഞ്ച് ഫണ്ട് (സർക്കാർ വിഹിതവും മാനേജ്മെന്റ് വിഹിതവും), സമഗ്രമായി തയ്യാറാക്കിയ ഒരു മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന പ്രവൃത്തികൾക്ക് വിനിയോഗിക്കേണ്ടതാണ്.

   i) സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് / നവീകരിക്കുന്നതിന്
   ii) ലൈബ്രറി/ ലബോറട്ടറി
   iii) ഹൈടെക്/ സ്മാർട്ട് ക്ലാസ്സ് റൂമുകൾ
   iv) നിലവിലുള്ള സ്കൂൾ സ്റ്റേഡിയങ്ങളുടെ നവീകരണം
   v) ശുചിമുറി നിർമ്മാണം
   vi) പാചകപ്പുര/ ഡൈനിംഗ് ഹാൾ
   vii) കുടിവെള്ള സൗകര്യം ഒരുക്കുന്നതിന്

   *വാഹനങ്ങൾ വാങ്ങുന്നതിനോ ഭൂമി വാങ്ങുന്നതിനോ ചലഞ്ച് ഫണ്ട് വിനിയോഗിക്കരുത്.*

5. ചലഞ്ച് ഫണ്ട് പദ്ധതിയിൽ പരിഗണിക്കുന്നതിനായി സ്കൂളുകളിൽ അവശ്യം വേണ്ട വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

   ഗ്രാമീണ മേഖലയിൽ : LP – 50, UP – 50, LP & UP – 100, HS – 200,
   Composite Schools – 400, HSS – 200

   നഗര മേഖലയിൽ : LP – 75, UP – 100, LP & UP – 150, HS – 250,
   Composite Schools – 500, HSS – 200

6. തീരദേശ മേഖലയിലെയും ആദിവാസി മേഖലയിലെയും സ്കൂളുകൾ, വെൽഫെയർ സ്കൂളുകൾ, സിംഗിൾ മാനേജ്മെന്റ് സ്കൂളുകൾ എന്നിവയ്ക്കായിരിക്കും ഈ പദ്ധതിയിൽ മുൻഗണന. ഇവയിൽ സിംഗിൾ മാനേജ്മെന്റ് സ്കൂളുകൾ/ സ്റ്റാഫ് മാനേജ്മെന്റ് സ്കൂൾ എന്നിവയ്ക്ക് പ്രഥമ പരിഗണന നൽകുന്നതായിരിക്കും.
7. ചലഞ്ച് ഫണ്ടിലേക്കായി മാനേജ്മെന്റ് വിഹിതം നിക്ഷേപിച്ചതിന്റെ രേഖകൾ സഹിതം സ്കൂളുകൾ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നത്. ആസ്തി വികസന ഫണ്ടിൽ നിന്നുള്ള തുക കൂടി വിനിയോഗിക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട എം.എൽ.എ.യുടെ കത്തും ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരം ശുപാർശകൾ ബന്ധപ്പെട്ട DEO/ AEO മാർ അതത് DDE മുഖാന്തിരം (HSS ആണെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ) ജില്ലാ കളക്ടർമാർക്ക് കൈമാറേണ്ടതും ജില്ലാ കളക്ടർ ആയത് പരിശോധിച്ച് ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. മാനേജ്മെന്റ് വിഹിതം ബന്ധപ്പെട്ട അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ രേഖകൾ സഹിതമാകണം ആസ്തി വികസന ഫണ്ട് വിഹിതത്തിനുള്ള ശുപാർശ ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടത്. തുടർന്ന് ജില്ലാ കളക്ടർ മുഴുവൻ തുകയ്ക്കുമുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുമാണ്. സർക്കാർ വിഹിതം ചലഞ്ച് ഫണ്ടിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രത്യേക ശീർഷകത്തിൽ നിന്നാണെങ്കിൽ DEO/ AEO അത്തരം ശുപാർശകൾ DDE മുഖേന DPI യ്ക്ക് സമർപ്പിക്കുകയും DPI (HSS ആണെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ) ആയത് പരിശോധിച്ച് ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുമാണ് .
8. ചലഞ്ച് ഫണ്ടിനായുള്ള മാനേജ്മെന്റ് വിഹിതം പ്രധാനാധ്യാപകന്റെ മേൽനോട്ടത്തിലുള്ള സ്കൂളിന്റെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. മാനേജ്മെന്റ് വിഹിതം ലഭ്യമായിട്ടുണ്ടെന്ന് DEO/ AEO സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്കായിരിക്കും സർക്കാർ വിഹിതം അനുവദിക്കുന്നത്. സർക്കാർ വിഹിതം ചലഞ്ച് ഫണ്ടിനായി തുറന്നിട്ടുള്ള ഒരു പ്രത്യേക TSB അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. TSB അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നത് പ്രവർത്തന പുരോഗതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ പർച്ചേസുകളാണെങ്കിൽ സാക്ഷ്യപ്പെടുത്തിയ ബില്ലുകളെ അടിസ്ഥാനമാക്കിയോ ആയിരിക്കണം. പരമാവധി തുകയിൽ അധികരിക്കാതെ, ബിൽ തുകയുടെ 50% ആയിരിക്കും സർക്കാർ വിഹിതത്തിൽ നിന്നും ഇപ്രകാരം പിൻവലിക്കാൻ അനുവദിക്കുക. പാർട്ട് ബില്ലുകൾക്കും ഇതേ രീതി

പിൻതുടരേണ്ടതാണ്. അക്രഡിറ്റഡ് ഏജൻസികൾക്ക് മുൻകൂറായി തുക അനുവദിക്കുമ്പോൾ ഇതിനായുള്ള നിലവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കണം പ്രസ്തുത തുക അനുവദിക്കേണ്ടത്.

9. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങൾ, ബഡ്ജറ്റ് പ്രസംഗത്തിന്റെ (2017-18) ഖണ്ഡിക 43 പ്രകാരം ഉൾപ്പെട്ടിട്ടുള്ള സ്കൂളുകൾ എന്നിവ ഈ പദ്ധതി പ്രകാരം സർക്കാരിന്റെ ധനസഹായത്തിന് അർഹമല്ല

10. ഓരോ മാനേജ്മെന്റിനും ഒറ്റത്തവണ മാത്രമേ ഈ പദ്ധതി പ്രകാരം സർക്കാർ സഹായം ലഭിക്കുകയുള്ളൂ.

11. പദ്ധതിയിലുൾപ്പെട്ട് ആനുകൂല്യം ലഭിക്കുന്നതിനായി ഓരോ സ്കൂളും തങ്ങളുടെ മാസ്റ്റർപ്ലാൻ അവതരിപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള രൂപരേഖ പരിശോധിക്കുന്നതിനായി നിയോഗിച്ച വിദഗ്ദ സമിതി പ്രസ്തുത മാസ്റ്റർ പ്ലാൻ പരിശോധിച്ച് തൃപ്തികരമാണെന്ന് റിപ്പോർട്ട് ചെയ്താൽ മാത്രമേ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുകയുള്ളൂ

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**മിൻഹാജ് ആലം ഐ.എ.എസ്**
**സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
6. എല്ലാ എം.എൽ.എ. മാർക്കും
7. എല്ലാ ഭരണവകുപ്പുകൾക്കും
8. എല്ലാ വകുപ്പധ്യക്ഷൻമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
11. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
12. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
13. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
14. എല്ലാ ട്രഷറി ഓഫീസർമാർക്കും
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ചലഞ്ച് ഫണ്ട് പദ്ധതിക്കായുള്ള മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

## ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(അച്ചടി)നം.156/2019/ധന. തിരുവനന്തപുരം,തീയതി : 15/11/2019.

---

**പരാമർശം:** 1. സ.ഉ.(അച്ചടി) നം. 109/2017/ധന. തീയതി 18/08/2017.
2. സ.ഉ.(അച്ചടി) നം. 30/2018/ധന. തീയതി 01/03/2018.
3. സ.ഉ.(അച്ചടി) നം. 24/2019/ധന. തീയതി 06/03/2019.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23/10/2019 ലെ ഡബ്ല്യു1/30602/2018/ഡി.ജി.ഇ നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) മുതൽ (3) വരെയുള്ള ഉത്തരവുകൾ പ്രകാരം എയ്ഡഡ് സ്കൂളുകളുടെ നവീകരണത്തിനായി രൂപീകരിച്ച ചലഞ്ച് ഫണ്ട് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ വിഹിതവും മാനേജ്മെന്റ് വിഹിതവും 1 : 1 എന്ന അനുപാതത്തിൽ ഒരു സ്കൂളിന് പരമാവധി ഒരു കോടി രൂപ വരെ ചലഞ്ച് ഫണ്ടായി സമാഹരിക്കാവുന്നതാണ്. പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം ചലഞ്ച് ഫണ്ടിനായുള്ള മാനേജ്മെന്റ് വിഹിതം സ്കൂളിന്റെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ട്രഷറിയിൽ നിന്ന് പണം പിൻവലിച്ച് പ്രവൃത്തികൾ തുടങ്ങുവാൻ ബുദ്ധിമുട്ട് നേരിടുന്നുവെന്നും ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് പകരം പ്രസ്തുത പണം ഉപയോഗിച്ച് പ്രവൃത്തികൾ നേരിട്ട് ചെയ്യാൻ അനുവദിക്കണമെന്നും മാനേജ്മെന്റുകൾ അറിയിച്ചതായി പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേക്കായി പദ്ധതിയുടെ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്യേണ്ടതിനുള്ള നിർദ്ദേശങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പാരമർശം (4) പ്രകാരം സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചലഞ്ച് ഫണ്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

1. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അതത് മാനേജ്മെന്റുകൾ ഒരു മാസ്റ്റർ പ്ലാൻ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ ആയതനുസരിച്ച് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതുമാണ്. അപ്രകാരം സമർപ്പിക്കുന്ന പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. ഭരണാനുമതിക്ക് വിധേയമായി ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രവൃത്തിക്കുള്ള നിർമ്മാണാനുമതി ഉത്തരവ് നൽകേണ്ടതുമാണ്. നിർമ്മാണാനുമതി ലഭിച്ചാലുടൻ ബന്ധപ്പെട്ട ഡി.ഇ.ഒ/എ.ഇ.ഒ മുൻപാകെ മാനേജ്മെന്റ്/പ്രധാനാധ്യാപകൻ നിശ്ചിത

പ്രൊഫോർമ്മയിലുള്ള എഗ്രിമെന്റ് വയ്ക്കേണ്ടതും പ്രസ്തുത വിവരം പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.

2. ചലഞ്ച് ഫണ്ടിനായുള്ള മാനേജ്മെന്റ് വിഹിതം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതില്ല. പകരം പ്രസ്തുത വിഹിതം ഉപയോഗിച്ച് മാനേജ്മെന്റിന് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. സർക്കാർ വിഹിതം ലഭിക്കുന്നതിലേക്കായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. പ്രവർത്തന പുരോഗതിയുടെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന ബില്ലിന്റെ 50%, 01/03/2018 ലെ സ.ഉ(അച്ചടി)നം.30/2018/ധന ഖണ്ഡിക (3) പ്രകാരമുള്ള പരമാവധി തുകയിൽ അധികരിക്കാതെ, സർക്കാർ വിഹിതമായി അനുവദിക്കുന്നതാണ്. സർക്കാർ വിഹിതം അനുവദിക്കുന്നതിനുള്ള ശിപാർശകൾ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അനുമതിക്കായി അയയ്ക്കേണ്ടതാണ്.

3. 01/03/2018 ന് മുൻപ് ആരംഭിച്ച പ്രവൃത്തികൾക്ക് ചലഞ്ച് ഫണ്ട് പദ്ധതിക്ക് കീഴിലുള്ള സർക്കാർ വിഹിതത്തിന് അർഹതയില്ല. എന്നാൽ 01/03/2018 ന് ശേഷം ആരംഭിച്ചതും ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഇത് വരെ ഉൾപ്പെടാത്തതുമായ പ്രവൃത്തികൾക്ക് വേണ്ടി സർക്കാർ വിഹിതത്തിനായി അപേക്ഷിക്കാവുന്നതാണ്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ ഇത്തരം പ്രവൃത്തികളുടെ വാല്യു നിശ്ചയിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ടി വരുന്ന തുകയുടെ 50%, 01/03/2018 ലെ സ.ഉ(അച്ചടി)നം.30/2018/ധന ഖണ്ഡിക (3) പ്രകാരമുള്ള പരമാവധി തുകയിൽ അധികരിക്കാതെ, ചലഞ്ച് ഫണ്ട് പദ്ധതിയുടെ മറ്റ് മാനദണ്ഡങ്ങൾക്ക് വിധേയമായി, സർക്കാർ വിഹിതമായി അനുവദിക്കുന്നതാണ്.

4. താഴെ പറയുന്ന പ്രവൃത്തികളെ കൂടി ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

   a) സ്കൂൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും നവീകരണവും/കളിസ്ഥല നിർമ്മാണം.
   b) സ്കൂൾ ചുറ്റുമതിൽ നിർമ്മാണം.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്. ഉഷ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം,
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

6. എല്ലാ എം.എൽ.എ. മാർക്കും
7. എല്ലാ ഭരണവകുപ്പുകൾക്കും
8. ട്രഷറി ഡയറക്ടർക്ക്.
9. എല്ലാ വകുപ്പധ്യക്ഷൻമാർക്കും
10. എല്ലാ ജില്ലാ കളക്ടർമാർക്കും
11. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
12. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
13. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
14. എല്ലാ ട്രഷറി ഓഫീസർമാർക്കും
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി [E-1124071]

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**
**സംഗ്രഹം**

ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - സ്കൂളുകൾക്കുള്ള ചലഞ്ച് ഫണ്ട് പദ്ധതിയ്ക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നത് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.109/2017/ധന. തിരുവനന്തപുരം,തീയതി : 18.08.2017

---

പരാമർശം : 1. സ.ഉ.(പി) നം. 332/2012/ധന. തീയതി 11.06.2012
2. സ.ഉ.(അ) നം. 86/2017/ധന. തീയതി 04.07.2017
3. 2017-18 ലെ ബഡ്ജറ്റ് പ്രസംഗം

**<u>ഉത്തരവ്</u>**

സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്ന സ്ഥിരം ആസ്തികൾ സൃഷ്ടിക്കുകയെന്നതും അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമാക്കിക്കൊണ്ട് പരാമർശം 1 ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ആരംഭിക്കുകയും പരാമർശം (2) ലെ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതിനായി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

പരാമർശം (3) ലെ ഖണ്ഡിക 45 പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ചലഞ്ച് ഫണ്ട് രൂപീകരിക്കുന്നതായും ആയതിലേക്കായി 50 കോടി രൂപ വകയിരുത്തുന്നതായും ബഹു. ധനമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. സ്കൂൾ മാനേജ്മെന്റ്/ സ്കൂൾ സംരക്ഷണ സമിതി സമാഹരിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുകയോ അല്ലെങ്കിൽ പരമാവധി 1 കോടി രൂപയോ ഇതിലേക്കായി സർക്കാർ നൽകും.

നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് കൂടി സ്കൂളുകൾക്കായി ബജറ്റിൽ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കണമെന്ന ആവശ്യം സർക്കാർ

വിശദമായി പരിശോധിക്കുകയും പരാമർശം (2) ലെ ഉത്തരവിൽ ഭേദഗതി വരുത്തി താഴെപ്പറയുന്ന കാര്യങ്ങൾ ഉത്തരവാകുന്നു.

1. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, എയ്ഡഡ് സ്കൂളുകൾക്കായി ബജറ്റിൽ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കാം.

2. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, മറ്റു സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി 1 കോടി രൂപ ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കാം. പ്രാദേശികമായി സമാഹരിക്കുന്ന ഫണ്ടിന് തുല്യമായ തുക, പരമാവധി 1 കോടി രൂപായായിരിക്കും ഇപ്രകാരം വിനിയോഗിക്കാൻ കഴിയുക. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, സർക്കാർ സഹായം 50:50 എന്ന അനുപാതത്തിൽ ആയിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**മിൻഹാജ് ആലം ഐ.എ.എസ്**
**സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
6. എല്ലാ എം.എൽ.എ. മാർക്കും
7. എല്ലാ ഭരണവകുപ്പുകൾക്കും
8. എല്ലാ വകുപ്പധ്യക്ഷൻമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
11. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
12. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
13. എല്ലാ ട്രഷറി ഓഫീസർമാർക്കും
14. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം. 1306 തീയതി 09.08.2017)
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**